# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 7531

17.07.2012-ൽ മറുപടിയ്ക്ക്.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളുടെ വിതരണം.**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | **ഡോ. എം. കെ. മുനീർ.**<br>(ബഹു.പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരുടെയും മറ്റു ജീവനക്കാരുടേയും പെൻ ഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) എങ്കിൽ അടിയന്തിരമായി ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിനും റിട്ടയർമെന്റ് ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുമോ? | (എ യും ബി യും) ഉണ്ട്.<br>പഞ്ചായത്ത് വകുപ്പിലെ സെക്രട്ടറിമാരുൾപ്പെടെയുള്ള ചില ജീവനക്കാരുടെ പെൻഷൻ ആനുകൂല്യ ങ്ങൾ വിതരണം ചെയ്യുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യഥാസമയം ആഡിറ്റ് നടക്കാത്തതും ആഡിറ്റ് പരാമർശങ്ങളിൽ നടപടി സ്വീകരിച്ച് ബാദ്ധ്യതാരഹിതസാക്ഷ്യപത്രം ലഭിക്കാത്തതുമാണ് ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാകാത്തതിനുള്ള പ്രധാന കാരണം. അച്ചടക്ക നടപടികൾ, വിജിലൻസ്/കോടതി കേസുകൾ എന്നിവയാലും പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് കാലതാമസമുണ്ടാകുന്നുണ്ട്. ഇക്കാര്യത്തിൽ പ്രായോഗികവും സത്വരവുമായ നടപടി സ്വീകരിച്ച് സമയബന്ധിതമായി പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ